ചില പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി സർക്കാർതലത്തിൽ യോഗം ചേരുകയും ടി യോഗതീരുമാനപ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷനുകളിൽ നിലവിലുള്ള കൗണ്ടർ സിസ്റ്റം കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ചവറ് സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

384 (1577) ജെ.ആർ.വൈ. പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.ആർ.വൈ. പദ്ധതിപ്രകാരം 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുകവീതം ചെലവഴിച്ചു;

(ബി) ഈ തുക ചെലവഴിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയായിരുന്നോ; എങ്കിൽ ഈ തുകയുടെ ചെലവ് ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ;

(സി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആഡിറ്റ് നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) ഇതിൻപ്രകാരം എന്തെല്ലാം ക്രമക്കേടുകൾ കണ്ടുപിടിച്ചു;

(ഇ) ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ തുക ചെലവഴിച്ചതു സംബന്ധിച്ച ആഡിറ്റ് നടത്താതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 - 3851.76 ലക്ഷം രൂപ
1998-99 - 4239.95 ലക്ഷം രൂപ.

(ബി) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ മുഖേനയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രത്യേകം നിയുക്തനായ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ജില്ലാ ഗ്രാമവികസന ഏജൻസി/ഗ്രാമ പഞ്ചായത്ത് തലത്തിൽ ആഡിറ്റ് നടത്തിയിട്ടുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ താരതമ്യേന പുതുതായി ഏർപ്പെടുത്തപ്പെട്ട സ്ഥാപനങ്ങളാകയാൽ അവിടങ്ങളിൽ ക്രമമായ വാർഷിക ഓഡിറ്റിനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നതേയുള്ളൂ.

385 (1578) കെട്ടിടത്തിന് നമ്പരിട്ടുനൽകുവാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലശ്ശേരി പഞ്ചായത്തിലെ ശ്രീ. ഗോപിനാഥൻ, തൂവാന, പെരുവല്ലൂർ എന്നയാൾ 1990-ൽ പണി ആരംഭിച്ചതും 96-ൽ മാത്രം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടത്തിന് പഞ്ചായത്ത് അധികൃതർ നമ്പരിട്ട് കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഹിയറിംഗിന് വിളിച്ചിട്ടും ഹാജരാകാത്ത പഞ്ചായത്തു സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ എന്തു നടപടി സ്വീകരിച്ചു;

(സി) കെട്ടിടനിർമ്മാണ ചട്ടം നടപ്പാക്കുന്നതിനുമുൻപ് പണിത ശ്രീ. ഗോപിനാഥന്റെ വീടിന് നമ്പരിട്ടു കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രീ. ഗോപിനാഥൻ 12.4.1996-ൽ നമ്പരിടുന്നതിന് അപേക്ഷ മുല്ലശ്ശേരി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ 1990-ൽ പണി ആരംഭിച്ചതിന് യാതൊരു രേഖയും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ കെട്ടിട നമ്പർ നൽകിയിട്ടില്ല.

(ബി) ഹിയറിംഗിന്റെ നോട്ടീസ് യഥാസമയം ലഭിച്ചിരുന്നില്ല എന്നു സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കും.

386 (1579) ജനകീയാസൂത്രണത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിൽ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം 1997-98, 1998-99 എന്നീ വർഷങ്ങളിൽ എത്ര വീതമായാണ് നിശ്ചയിച്ചിരുന്നത്;

(ബി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുകയ്ക്കുള്ള വിഹിതം സംഭാവന ചെയ്തിട്ടുണ്ട്.

(സി) ഇതിൽ പണമായും ശ്രമദാനമായും മറ്റുവിധത്തിലും എന്തു തുകവീതം സംഭാവന നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly